LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പ് ഏറ്റെടുത്ത കുന്നമംഗലത്തെ റോഡുകൾ

163 [1406] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര റോഡുകൾ പുതുതായി മരാമത്ത് വകുപ്പ് ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ ;

(ബി) കുന്നമംഗലം നിയോജകമണ്ഡലത്തിലെ എത്ര റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുത്തു എന്ന് പേര് സഹിതം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2791 കി. മീ. വില്ലേജ് റോഡുകൾ ഏറ്റെടുക്കുവാനും മേജർ ജില്ലാ റോഡുകളായി ഉയർത്തുവാനും ഉത്തരവായിട്ടുണ്ട്.

(ബി) കുന്നമംഗലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ താഴെപ്പറയുന്നവയാണ്.

(1) പാണാറം-പെരുവയൽ-പള്ളിത്താഴം റോഡ്.

(2) കുറ്റിക്കാട്ടൂർ-മുണ്ടുപാലം റോഡ്.

(3) മനാച്ചേരി-മുത്താനം-തുവപ്പുറം റോഡ്.

(4) പരുത്താക്കൽ-ചാത്തൻകടവ്-പെരിങ്ങളം റോഡ്.

കുന്തിപ്പുഴപ്പാലം ബലപ്പെടുത്തൽ

164 [1408] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻ. എച്ച്. 213-ലെ മണ്ണാർക്കാട് കുന്തിപ്പുഴപ്പാലം ബലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തി എത്രയും വേഗം പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുന്തിപ്പുഴപ്പാലം ബലപ്പെടുത്തുന്നതിലേക്കായി 24.35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കേന്ദ്ര ഉപരിതലഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

(ബി) ഭരണാനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതാണ്.